# പ്രേഷിത സഹകരണത്തിന്റെ വിവിധമാർഗങ്ങൾ

ഓരോ ക്രൈസ്തവനും മിഷനറിയാണ്. ദാനമായി ലഭിച്ച വിശ്വാസം അതറിയാത്തവരിൽ എത്തിക്കുവാൻ അവൻ കടപ്പെട്ടിരിക്കുന്നു. പ്രേഷിതപ്രവർത്തനം ഓരോ ക്രൈസ്തവന്റെയും കടമയുമാണ്. എന്നാൽ നേരിട്ടുള്ള പ്രേഷിതപ്രവർത്തനം എല്ലാവർക്കും സാധ്യമല്ല. അതുകൊണ്ട്, പ്രേഷിത രംഗത്ത് ജോലിചെയ്യുന്നവരോട് പലതരത്തിൽ സഹകരിച്ചുകൊണ്ട് എല്ലവർക്കും സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുപറ്റാവുന്നതാണ്. രക്ഷകനായ മിശിഹാ സഭയെ ഭരമേല്പിച്ച ദൗത്യം ഇനിയും പൂർത്തിയകേണ്ടിയിരിക്കുന്നു എന്ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ***രക്ഷകന്റെ മിഷൻ,*** എന്ന ചാക്രിക ലേഖനത്തിന്റെ ആരംഭത്തിൽ തന്നെ പറയുന്നു (RM.1) മിശിഹായുടെ ആ ദൗത്യം പൂർത്തിയാകണമെങ്കിൽ ഓരോ ക്രൈസ്തവനും തന്റെ പ്രേഷിത കർത്തവ്യം നിർവ്വഹിക്കണം. എങ്ങനെയാണ് ഓരോ ക്രൈസ്തവനും തന്റെ കടമ നിർവ്വഹിക്കുവാൻ കഴിയുക? പ്രേഷിത സഹകരണത്തിന്റെ വിവിധ മാർശങ്ങൾ ഏതൊക്കെയാണ് എന്ന് ചിന്തിക്കാം.

**1. പ്രാർത്ഥന**

പ്രേഷിതസഹകരണത്തിനുള്ള ഏറ്റവും ആദ്യത്തെ മാർഗം പ്രാർത്ഥനയാണ്. മിഷനറിമാരുടെ വചനപ്രഘോഷണം ഫലവത്തായിത്തീരുന്നതിനു പാർത്ഥനാസഹായം കൂടെയുണ്ടാകണമെന്ന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ പറയുന്നു (RM. 78). ഉറച്ച ബോധ്യത്തോടും ആത്മവിശ്വാസത്തോടും കുടി സുവിശേഷം പ്രസംഗിക്കുവാൻ താൻ പ്രാപ്തനാകേണ്ടതിനു തനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ എന്ന് പൗലോസ്

ശ്ലീഹാ വിശ്വാസികളെ തന്റെ കത്തുകളിലൂടെ ആഹ്വാനം ചെയ്യുന്നുണ്ടല്ലോ. മിഷനറിമാർക്കും മിഷൻപ്രദേശങ്ങൾക്കും അവിടെ വസിക്കുന്ന ജനങ്ങൾക്കും നവ സുവിശേഷവത്കരണം ആവശ്യമായിരിക്കുന്ന പ്രദേശങ്ങൾക്കും വേണ്ടിയും ഓരോ ക്രൈസ്തവനും പ്രാർത്ഥിക്കണം. വി. കൊച്ചുത്രേസ്യാ ലോകമാസകലമുള്ള മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി എന്നും പ്രാർത്ഥിച്ചു. പ്രേഷിതരംഗത്ത് അവൾ ഒരിക്കലും നേരിട്ട് പോയിരുന്നില്ല. എങ്കിലും സഭ അവളെ പ്രേഷിതമദ്ധ്യസ്ഥയായി കണക്കാക്കുന്നു. പ്രേഷിതപ്രവർത്തനം എന്നത് ഓരോ ക്രൈസ്തവന്റെയും കടമയായതുകൊണ്ട് മിഷനറിമാർക്ക് വേണ്ടി പ്രാർത്ഥിക്കുക എന്നതും എല്ലവരുടെയും കടമയാണ്.

**2. ത്യാഗവും സഹനവും**

പ്രാർത്ഥന ത്യാഗത്താലും സഹനത്താലും അനുധാവനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. പ്രാർത്ഥനയോടൊപ്പം മിഷനറിമാരുടെ സഹനത്തെ അനുസ്മരിച്ചുകൊണ്ട് അവരൊടൊപ്പം അവയിൽ പങ്കുപറ്റുന്നതിനായി നമ്മുടെ ജീവിതത്തിലെ ചെറുതും വലുതുമായ സഹനങ്ങൾ പ്രേഷിത നാഥനായ ഈശോക്ക് സമർപ്പിക്കണം. എല്ലാ ക്രൈസ്തവരുടെയും സഹനം മിഷനറിമാരുടെ സഹനത്തെ അനുധാവനം ചെയ്യണമെന്ന് മാർപ്പാപ്പ പറയുന്നു (RM. 78). സഹനത്തിന്റെ രക്ഷാകരമൂല്യം ക്രിസ്തുവിന്റെ സഹനത്തിൽ നിന്നു തന്നെയാണ് സംജാതമാകുന്നത്. അതിനായി നമ്മുടെ സഹനങ്ങളെ സ്വമനസ്സാ ബോധപൂർവ്വം ദൈവത്തിനു സമർപ്പിക്കണം. സ്വമനസ്സാ ഏറ്റെടുക്കുന്ന സഹനങ്ങൾ മിഷൻ രംഗങ്ങളിൽ ജോലി ചെയ്യുന്നവരുടെ പ്രേഷിത വിജയത്തിനായി കാഴ്ച്ചവച്ചാൽ അതിനു ഫലം ലഭിക്കും. നാടും വീടും വിട്ട് വിദൂര ദേശങ്ങളിൽ ഈശോയുടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നവർക്ക് പല തരത്തിലുള്ള

സഹനങ്ങളും പീഡകളും നേരിടേണ്ടി വരുന്നുണ്ട്. ലിസ്യുവിലെ വി.കൊച്ചുത്രേസ്യാ മിഷനറിമാരെ സഹായിച്ചത് സ്വയം പ്രേരിതമായ പ്രായശ്ചിത്ത പ്രവർത്തികൾ തന്റെ ശരീരത്തിൽ ഏറ്റെടുത്തുകൊണ്ടും രോഗം മൂലമുണ്ടായ ശാരീരികവേദനകൾ ക്ഷമയോടെ സഹിച്ചുകൊണ്ടുമായിരുന്നു. മിഷനറിമാർക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കുവാനുള്ള വിശാലമനസ്കത ഓരോ ക്രൈസ്തവനും ഉണ്ടാകണം.

**3. സാമ്പത്തിക സഹായം**

ആത്മീയമായ സഹായങ്ങൾ മിഷനറിമാർക്കുവേണ്ടി ചെയ്യുന്നതിനോടൊപ്പം തന്നെ മിഷനെ സാമ്പത്തികമായി സഹായിക്കേണ്ടതും അത്യാവശ്യമാണ്. മിഷൻപ്രദേശങ്ങളിൽ സാമ്പത്തിക സഹായം അനിർവാര്യമായിരിക്കുന്നത് പല മേഖലകളിലാണ്. ഒന്നുമില്ലായ്മയിൽ നിന്നാണ് എല്ലാ മിഷൻ കേന്ദ്രങ്ങളും ആരംഭിക്കുന്നത്. അവിടുത്തെ (ഗ്രാമങ്ങളിൽ) ജനങ്ങൾ തീർത്തും പാവപ്പെട്ടവരാണ്. അവരെ എല്ലാ തരത്തിലും സമുദ്ധരിക്കണമെങ്കിൽ അതിനുള്ള മാർഗങ്ങൾ മിഷനറിമാർ തന്നെ കണ്ടെത്തേണ്ടി വരും. മാമ്മോദീസാ മുക്കുക എന്നത് മാത്രമല്ലല്ലോ മിഷനറിയുടെ ദൗത്യം. ഈശോ വാഗ്ദാനം ചെയ്യുന്ന സമഗ്ര വിമോചനത്തിലേക്ക് അവരെ നയിക്കുക എന്നതുകൂടി അവരുടെ കടമയാണ്. അവഗണനയും അവശതയും അനുഭവിക്കുന്നവരെ സഹായിക്കുവാൻ നാം കട പ്പെട്ടവരാണ്. ഉപവി പ്രവർത്തികൾക്കായും വിദ്യാഭ്യാസ വളർച്ചയ്ക്കായും മനുഷ്യനന്മക്കായും പ്രവർത്തിക്കേണ്ടതിന് മിഷനറിമാർക്ക് സാമ്പത്തികസഹായം ആവശ്യമാണ്. വിദേശരാജ്യങ്ങളിലെ കത്തോലിക്കർ ഔദാര്യപൂർവ്വം സ്വമനസ്സാലെ നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം കൊണ്ടാണ് നമ്മുടെ ഒട്ടു മിക്ക മിഷൻ കേന്ദ്രങ്ങളും പ്രവർത്തിച്ചു പോന്നിരുന്നത്. എന്നാൽ, ഇന്ന് ആ സഹായം ചുരുങ്ങിയ സാഹചര്യത്തിൽ നമ്മുടെ മിഷനറിമാരെ നാം തന്നെ സഹായിക്കേണ്ടതാണ്

**4. പ്രേഷിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കുക**

പ്രേഷിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാൻ എല്ലാവരും കടപ്പെട്ടിരിക്കുന്നു. മിഷനറിമാർ വേണ്ടി പ്രാർത്ഥിക്കുമ്പോൾ മിഷൻപ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതിനു കൂടുതൽ ആളുകൾ സ്വമനസ്സാ മുന്നോട്ടുവരുന്നതിനുള്ള കൃപക്കായിട്ടും പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. വളരെയേറെ വെല്ലുവിളികൾ നിറഞ്ഞ പ്രേഷിത രംഗത്തേക്ക് മക്കളെ അയക്കുവാൻ ഇന്ന് പല മാതാപിതാക്കളും വിമുഖത പ്രദർശിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ചും വടക്കേയിന്ത്യൻ പ്രേഷിതരംഗങ്ങൾ ഇന്ന് പലതരത്തിലും വെല്ലുവിളികൾ നിറഞ്ഞതാണ്. ഈ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ അനേകരെ ആവശ്യമായിരിക്കുകയാണ്. പ്രേഷിത ദൈവവിളികൾക്കായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ തന്നെ സ്വയം അപ്രകാരം ഒരു വിളി വിവേചിച്ചറിയുവാൻ പരിശ്രമിക്കുകയും വേണം. പ്രേഷിത രംഗത്തേക്ക് ദൈവം വിളിക്കുന്നു എന്ന് മനസ്സിലാക്കിയാൽ അതിൽ നിന്നും ഒളിച്ചോടുവാൻ ആരും പരിശ്രമിക്കാതിരിക്കട്ടെ.

മിഷനറി ദൈവവിളികളെ പ്രോത്സാഹിപ്പിക്കുക പ്രേഷിത സഹകരണത്തിന്റെ കേന്ദ്രബിന്ദുവാണെന്ന് *Redemptoris Missio*യിൽ പറയുന്നു. സുവിശേഷപ്രഘോഷണത്തിനു പ്രഘോഷകരെ വേണം. വിളപ്പെടുപ്പിനു വേലക്കരെ വേണം. വിളവു ധാരാളമായിട്ടുണ്ട്. വേലക്കാരാണ് ചുരുക്കം. തങ്ങളുടെ മക്കളിൽ പ്രേഷിത ദൈവവിളിയെ വളർത്തിയെടുത്ത് സഭയുടെ പ്രേഷിത ഉദ്യമങ്ങളിൽ പങ്കുപറ്റുവാനുള്ള കടമയെക്കുറിച്ച് മാർപ്പാപ്പാ മാതാപിതാക്കന്മാരെ ഉദ്ബോധിപ്പിക്കുന്നുണ്ട്. യുവജനങ്ങളെ ദൈവത്തിന്റെ വിളി ശ്രവിക്കുവാനും ഇതാ ഞാൻ, എന്നെ അയച്ചാലും എന്ന് ഏശയ്യാ പ്രവാചകനെ പ്പോലെ പറയുവാനും മാർപ്പാപ്പാ ആഹ്വാനം ചെയ്യുന്നു.

**5. പ്രേഷിതപ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക**

സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ചും വിവിധ പ്രേഷിത രംഗങ്ങളെക്കുറിച്ചും അറിവുനല്കുന്ന മാസികകൾ ഇന്ന് ലഭ്യമാണ്. അവ വായിക്കുകയും അവയെ പ്രചരിപ്പിക്കുകയും ചെയ്യുക ഓരോ ക്രൈസ്തവന്റെയും കടമയായി കാണേണ്ടിയിരിക്കുന്നു. കുഞ്ഞുമിഷനറി, പ്രേഷിതകേരളം തുടങ്ങിയ മാസികകളിലൂടെ മിഷനെക്കുറിച്ചുള്ള വിവരങ്ങൾ സാധാരണ ജനങ്ങൾക്ക് ലഭിക്കും. പലതരത്തിലുള്ള വിനോദ മാസികകളുടെ അതിപ്രസരണത്തിൽ ഇത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുകയാണ്. കുട്ടികൾക്കുവേണ്ടി മാത്രമല്ല, എല്ലാ ക്രൈസ്തവരെയും ലക്ഷ്യം വച്ചുള്ള പ്രസിദ്ധീകരണങ്ങൾ ഈ രംഗത്ത് വളർന്നു വരേണ്ടിയിരിക്കുന്നു.

**6. പ്രേഷിത പ്രദേശങ്ങൾ സന്ദർശിക്കുക**

അവസരങ്ങളും സൗകര്യങ്ങളും ഏറെ അനുഭവിക്കുന്ന നമ്മൾ ഇതൊന്നും അധികം ലഭ്യമല്ലാത്ത വടക്കേയിന്ത്യൻ മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുന്നതിനും സാധിക്കുമെങ്കിൽ കുറച്ചുകാലം അവിടെ ജീവിക്കുന്നതിനും പരിശ്രമിക്കുന്നത് നല്ലതാണ്. മിഷൻപ്രദേശങ്ങൾ നേരിട്ടു കണ്ടുകഴിയുമ്പോൾ നാമൊക്കെ എത്രമാത്രം സൗഭാഗ്യവാന്മാരാണ് എന്ന് നാം മനസ്സിലാക്കും. നമ്മുടെ സഹായം ആവശ്യമുള്ള എത്രയോ ആളുകൾ നമ്മുടെ നാട്ടിൽ തന്നെ ഉണ്ട് എന്നും നാം മനസ്സിലാക്കും. ഇപ്രകാരം താത്പര്യമുള്ളവർക്ക് മിഷനിൽ പോകുന്നതിനും അവിടെ താമസിക്കുന്നതിനുമുള്ള സൗകര്യം ഇന്ന് മിക്ക മിഷൻ രൂപതകളും ഒരുക്കുന്നുണ്ട്.

**7. സംഘടനാ പ്രവർത്തനങ്ങളിലൂടെയുള്ള പങ്കുചേരൽ**

സഭയിലെ എല്ലാ സംഘടനകളുടെയും കൂട്ടായ്മകളുടെയും ലക്ഷ്യം ഈശോമിശിഹായുടെ ശരീരമായ സഭയെ പരിപോഷിപ്പിക്കുകയും വിശുദ്ധീകരിക്കുകയുമാണ്. അതുവഴി സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ സജീ

വവും ഫലദായകവുമാകും. നമ്മുടെ ഇടവകകളിൽ പ്രവർത്തിക്കുന്ന തിരുബാല സഖ്യം, ചെറുപുഷ്പ മിഷൻലീഗ്, സി.എൽ.സി. തുടങ്ങിയ സംഘടനകൾ കുട്ടികളിൽ പ്രേഷിതാഭിമുഖ്യം വളർത്തുന്നതിൽ കാര്യമായ പങ്കുവഹിക്കുന്നു.

കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് ആഗോള കത്തോലിക്കാ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ തിരുബാലസഖ്യാംഗങ്ങൾ പങ്കുചേരുന്നു. പ്രധാനമായും പ്രാർത്ഥനയും സംഭാവനയും വഴിയാണ് ഈ ദൗത്യത്തിൽ അവർ പങ്കാളികളാവുക.

വ്യക്തികളിലും, കുടുംബങ്ങളിലും, ഇടവകകളിലും പ്രേഷിത ചൈതന്യം വളർത്തുക, പ്രാർത്ഥന, സംഭാവന, ദൈവവിളി പ്രോത്സാഹനം, സന്മാതൃക എന്നിവവഴി ലോകം മുഴുവനിലുമുള്ള പ്രേഷിതപ്രവർത്തനങ്ങളെ സംഘടിതമായി സഹായിക്കുക എന്നീ ലക്ഷ്യങ്ങളുമായി പ്രവർത്തിക്കുന്ന ചെറുപുഷ്പമിഷൻലീഗ് ഏഷ്യയിലെ ഏറ്റവും വലിയ അല്മായ പ്രേഷിതസംഘടനയാണ്. സ്നേഹം, ത്യാഗം, സേവനം, സഹനം എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന ഈ സംഘടനയുടെ പ്രവർത്തനം കേരളത്തിലെങ്ങും പ്രേഷിത ചൈതന്യത്തിന്റെ അലയൊലികൾ സൃഷ്ടിക്കുന്നതിലും മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിലും കുട്ടികളിൽ പ്രേഷിതാഭിമുഖ്യം വളർത്തുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നു.

മരിയൻ സൊഡാലിറ്റി സമൂഹം എന്ന പേരിൽ ആരംഭിക്കുകയും രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ക്രിസ്തീയ ജീവിത സമൂഹം (ക്രിസ്റ്റ്യൻ ലൈഫ് കമ്യൂണിറ്റി) എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്ന സി. എൽ.സി സംഘടന ലക്ഷ്യം വയ്ക്കുക പരിശുദ്ധകന്യാമറിയത്തെ അനുകരിച്ച് ക്രിസ്തു കേന്ദ്രീകൃത ജീവിതം, സ്വയം വിശുദ്ധീകരണം, മറ്റുള്ളവരുടെ രക്ഷ, തിരുസ യുടെ വളർച്ച, പ്രേഷിത പ്രവർത്തനങ്ങളിലുള്ള പങ്കുചേരൽ എന്നിവയാണ്.

കുട്ടികളുടെ ക്രൈസ്തവ പരിശീലനത്തിലും, സ്വഭാവ രൂപവത്ക്കരണത്തിലും പ്രേഷിതാഭിമുഖ്യം വളർത്തുന്നതിലും അതു പ്രാവർത്തികമാക്കുന്നതിലും നിർണ്ണായക പങ്കുവഹിക്കുന്ന ക്രൈസ്തവസംഘടനകളുടെ പ്രവർത്തനങ്ങളിൽ പങ്കുചേരുകവഴി സഭയുടെ പ്രേഷിതദൗത്യത്തിലാണ് സംഘാടനാംഗങ്ങളും പങ്കുചേരുക.

ക്രൈസ്തവന്റെ ഏറ്റവും വലിയ കടമയാണ് സ്വയം മിഷനറിയാകുക എന്നത്. പ്രാർത്ഥനകൊണ്ടും, സഹനംകൊണ്ടും സാമ്പത്തികസഹായം കൊണ്ടും മാത്രം നമ്മുടെ കടമ തീരുന്നില്ല. ക്രൈസ്തവ ജീവിതത്തിനും സുവിശേഷത്തിനും നാം നമ്മുടെ ജീവിതം കൊണ്ട് സാക്ഷ്യം നൽകണം. ഓരോ ക്രൈസ്തവനും സ്വയം മിഷനറിയാകണം. നമുക്കു ചുറ്റുമുള്ളവരുടെയിടയിൽ നമ്മുടെ വിശ്വാസം നാം പ്രചരിപ്പിക്കണം. നമ്മുടെ വാക്കുകളും പ്രവർത്തികളും നമ്മുടെ വിശ്വാസത്തിന്റെ നേർസാക്ഷ്യമാകണം. ഓരോ ക്രൈസ്തവനും മിഷനറിയാണ് എന്നുള്ള ബോദ്ധ്യം സ്വയം ഉണ്ടാകുമ്പോൾ ക്രൈസ്തവസാക്ഷ്യം ജീവിതത്തിലൂടെ നല്കുവാൻ സാധിക്കും.

---------------------------